പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1051 — 14.06.2012 - ൽ മറുപടിയ്ക്ക്

# വടകര മുനിസിപ്പാലിറ്റിയിലെ സുനാമി ഫണ്ട് വിനിയോഗം

**ചോദ്യം**

ശ്രീ. സി.കെ. നാണു.

....

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

....

(എ) വടകര മുനിസിപ്പാലിറ്റി, ചോറോട്, ഒഞ്ചിയം, അഴിയൂർ, ഏറാമല പഞ്ചായത്ത് എന്നിവിടങ്ങളിൽ സുനാമി ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(എ)

1. റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഒഞ്ചിയം പഞ്ചായത്തിൽ 42(ഫ്ളാറ്റ്) വീടുകളും, അഴിയൂർ പഞ്ചായത്തിൽ 43 വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഒഞ്ചിയത്ത് ഒരു സുനാമി സുരക്ഷാ കേന്ദ്രവും നിർമ്മിച്ചു വരുന്നു.
2. വിദ്യാഭ്യാസ വകുപ്പ് മുഖേന വടകര മുനിസിപ്പാലിറ്റിയിൽ 5 സ്കൂളുകളിലും ഒഞ്ചിയം, അഴിയൂർ പഞ്ചായത്തുകളിൽ 3 വീതം സ്കൂളുകളിലും ചോറോട് പഞ്ചായത്തിൽ 1 സ്കൂളിലും സുനാമി ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വടകര മുനിസിപ്പാലിറ്റിയിലെ 14 സ്കൂളുകളിലായി 37-ഉം, ഒഞ്ചിയം പഞ്ചായത്തിലെ 10 സ്കൂളുകളിലായി 23-ഉം, അഴിയൂർ പഞ്ചായത്തിലെ 4 സ്കൂളുകളിലായി 4-ഉം, ചോറോട് പഞ്ചായത്തിലെ 1 സ്കൂളിൽ 5-ഉം ഉൾപ്പെടെ ഒട്ടാകെ 73 ടോയ്ലറ്റ്/യൂറിനൽ യൂണിറ്റുകൾ അനുവദിച്ചതിൽ 57 യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.
3. ഇറിഗേഷൻ വകുപ്പ് - അഴിയൂർ പഞ്ചായത്തിലെ അഴിയൂർ ബീച്ചിൽ 477 മീറ്റർ നീളത്തിൽ സുനാമി ഫണ്ട് ഉപയോഗിച്ച് കടൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട്.
4. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചോറോട്, ഒഞ്ചിയം, അഴിയൂർ, വടകര, നടക്കുതാഴ എന്നീ വില്ലേജുകളിലായി 36 ഡയറി യൂണിറ്റുകൾ, കാലിത്തൊഴുത്ത് നവീകരണം, 4 ഹെക്ടറിൽ തീറ്റപ്പുൽ കൃഷി, അസോള, ആവശ്യാധിഷ്ഠിത ധനസഹായം 55 പേർക്ക് പരിശീലനം എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(............2.......)

5. സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഴിയൂർ പഞ്ചായത്തിൽ 2-ഉം, ഒഞ്ചിയം, ചോറോട് എന്നീ പഞ്ചായത്തുകളിൽ 1 വീതവും അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

6. ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ വടകര മുനിസിപ്പാലിറ്റിയിലെ വടകര താലൂക്ക് ആശുപത്രി, വടകര താഴെയങ്ങാടി ഡിസ്പെൻസറി, ഒഞ്ചിയം, പഞ്ചായത്തിലെ മടപ്പള്ളി പി.എച്ച്.സി. എന്നിവിടങ്ങളിൽ പുതിയ കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം എന്നീ പ്രവൃത്തികൾ സുനാമി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

7. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വടകര മുനിസിപ്പാലിറ്റിയിലും, ചോറോട്, ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിലും ജീവൻരക്ഷാ മരുന്നുകളുടെ വിതരണം, കാറ്റിൽ ഇൻഷുറൻസ് പദ്ധതി, ഇന്റഗ്രേറ്റഡ് അനിമൽ ഹസ്ബൻഡറി ആക്ടിവിറ്റിസ്, ഫീഡ് & മിനറൽ മിക്സ്ചർ ഡിസ്ട്രിബ്യൂഷൻ, ആടുവളർത്തൽ യൂണിറ്റുകൾ, ടർക്കി വളർത്തൽ യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

8. മത്സ്യബന്ധന വകുപ്പ് നേരിട്ട് ചോറോട് പഞ്ചായത്തിൽ മത്സ്യവിജ്ഞാന കേന്ദ്രം സ്ഥാപിക്കുകയും വടകര മുനിസിപ്പാലിറ്റിയിലും, ചോറോട്, ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിലും മത്സ്യവിജ്ഞാന കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന അനുബന്ധ ഏജൻസി - സാഫ് മുഖേന വടകര മുനിസിപ്പാലിറ്റിയിൽ 3-ഉം, ചോറോട് പഞ്ചായത്തിൽ 5-ഉം, ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിൽ 4 വീതവും, വനിതാ ഗ്രൂപ്പുകൾക്ക് ചെറുകിടസംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യഫെഡ് മുഖേന വടകര മുനിസിപ്പാലിറ്റിയിലും, ചോറോട്, ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിലും വർക്കിംഗ് ക്യാപ്പിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട് അനുവദിക്കുകയും ചോറോട് പഞ്ചായത്തിൽ മത്സ്യ വിപണനത്തിന് വാഹന പദ്ധതിയും ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിൽ മത്സ്യബൂത്തുകളും നടപ്പിലാക്കിയിട്ടുണ്ട്.

9. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വടകര മുനിസിപ്പാലിറ്റിയിൽ വടകര സാൻഡ് ബാങ്ക്സ് ഗ്രോയിൻ നിർമ്മിച്ചിട്ടുണ്ട്. അഴിയൂർ പഞ്ചായത്തിൽ ചോമ്പാൽ മത്സ്യബന്ധന തുറമുഖത്തിലെ ഡ്രഡ്ജിംഗ് പൂർത്തീകരിച്ചു. സുധാസദൻ മുക്ക് - ചോമ്പാൽ ഹാർബർ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(- - - - - - 3 - - - -)

10. വിദ്യുച്ഛക്തി വകുപ്പു മുഖേന വടകര മുനിസിപ്പാലിറ്റിയിൽ ഒട്ടാകെ 125 തെരുവു വിളക്കുകൾ, 659 മീറ്റർ ലൈൻ, 1.285 കി.മീ. സ്ട്രീറ്റ് മെയിൻ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ചോറോട് പഞ്ചായത്തിൽ ഒട്ടാകെ 6 ട്രാൻസ്ഫോർമറുകളും, 2.310 കി.മീ. 11 കെ.വി. ലൈനുകളും, 1 കി.മീ. സിംഗിൾ ഫേസ് ലൈനും, 16 തെരുവു വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഒഞ്ചിയം പഞ്ചായത്തിൽ 0.9 കി.മീ. ത്രീ ഫേസ് ലൈനും, 48 തെരുവു വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. അഴിയൂർ പഞ്ചായത്തിൽ 110 മീറ്റർ ലൈൻ വലിച്ച് ഒട്ടാകെ 49 തെരുവു വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.